കേരളത്തിലെ ഓരോ ജില്ലയിലെയും അതാതു സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരാണ് കാവ് സംരക്ഷണ പദ്ധതിക്കുള്ള ചുമതല വഹിക്കുന്നത്. ആയതിന്റെ മേൽനോട്ടം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ബയോഡൈവേഴ്സിറ്റി സെൽ) നിർവ്വഹിക്കുന്നുമുണ്ട്.

കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിനുള്ള പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിലേക്ക് ബോധവൽക്കരണം നടത്തുക, കണ്ടൽ പുനരുൽപ്പാദനത്തിന് ധനസഹായം നൽകുക, പദ്ധതിക്കുവേണ്ടി പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുക, കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുവേണ്ടി കണ്ടൽ ഉടമകൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4000 രൂപ പാരിതോഷികമായി നൽകുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ വനം വകുപ്പ് നടത്തിവരുന്നുണ്ട്. കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ആക്ട് 2005 സെക്ഷൻ 6(3) പ്രകാരം കണ്ടൽക്കാടുകളെല്ലാം വിജ്ഞാപനം ചെയ്ത മേഖലയാണ്. ആയതിനാൽ ഒരു ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള കണ്ടലുകളുടെ ഉടമകൾ മരം വെട്ടുന്നതിന് അതാത് സ്ഥലത്തെ അധികാരപ്പെടുത്തിയ ഓഫീസറുടെ അനുവാദം വാങ്ങേണ്ടതാണ്.

(സി) പ്രസ്തുത പദ്ധതി കേരള സർക്കാരിന്റെ ഫണ്ടുപയോഗിച്ചാണ് നടപ്പാക്കുന്നത്.

പ്ലാസ്റ്റിക് കവറുകളും ഗ്ലാസ്സുകളും സ്റ്റീറോഫോം പ്ലേറ്റുകളും ഉപയോഗിക്കുന്നതിനെതിരെ ബോധവൽക്കരണം

298 (3932) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപാരസ്ഥാപനങ്ങളിൽ പ്രത്യേകിച്ചും വസ്ത്രാലയങ്ങളിൽ തുണിത്തരങ്ങൾ വാങ്ങുമ്പോൾ അവ പ്ലാസ്റ്റിക് കവറുകളിൽ നൽകുന്നതിനുപകരം തുണിസഞ്ചികളിൽ നൽകുന്നതിനാവശ്യമായ ബോധവത്ക്കരണവും നിയമനിർമ്മാണവും നടത്തുമോ ;

(ബി) ആഘോഷവേളകളിലും മറ്റു ചടങ്ങുകളിലും പ്ലാസ്റ്റിക്കും, സ്റ്റീറോഫോം പ്ലേറ്റുകളും, പ്ലാസ്റ്റിക്ക് ഗ്ലാസ്സുകളും ഉപയോഗിക്കുന്നതിനെതിരെ ബോധവത്ക്കരണവും മാധ്യമങ്ങൾ വഴി പ്രചരണവും നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) ബയോഡീഗ്രേഡബിൾ അല്ലാത്ത ഫ്ലക്സ്, സ്റ്റീറോഫാം, പ്ലാസ്റ്റിക് കവറുകൾ, പ്ലാസ്റ്റിക്ക് ഗ്ലാസ്സുകൾ, തെർമ്മോക്കോൾ തുടങ്ങിയവയ്ക്ക് ഉയർന്ന നികുതി ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ആണ് നിരോധിച്ചിട്ടുള്ളത്. നിരോധിച്ചിട്ടുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കുന്നില്ല എന്നുറപ്പാക്കാനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ടു വരുന്നു. കൂടാതെ പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരമായി തുണി, ചണം മറ്റ് ജൈവ ഉൽപന്നങ്ങൾ എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന സഞ്ചികളും അനുബന്ധ സാധനങ്ങളും നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനം കുടുംബശ്രീ വഴി നൽകിവരുന്നുണ്ട്. പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സംസ്ഥാന തലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലും കൈക്കൊണ്ടുവരുന്നു. മാധ്യമങ്ങൾവഴിയുള്ള പ്രചരണത്തിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക് കവറുകൾ, പ്ലേറ്റുകൾ, ഗ്ലാസ്സുകൾ തുടങ്ങിയവയുടെ ഉപയോഗം കുറയ്ക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. പ്ലാസ്റ്റിക് കവറുകളുടെ കാര്യത്തിൽ കവറുകളുടെ വില നിശ്ചയിച്ച് വിജ്ഞാപനം ചെയ്യാനും അധികവിലയായി ഈടാക്കുന്ന തുക സംഭരിച്ച് Waste Management Fund ഉണ്ടാക്കാനും കേരള പഞ്ചായത്ത് നിയമഭേദഗതിപ്രകാരവും കേരള മുനിസിപ്പൽ ഭേദഗതി നിയമപ്രകാരവും തദ്ദേശഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സൗജന്യമായി കവറുകൾ നൽകുന്നത് ഒഴിവാക്കാനും കട്ടികുറഞ്ഞ കവറുകൾ വിൽക്കുന്നത് തടയാനുമാണ് ഇത് ലക്ഷ്യമിടുന്നത്. പ്ലാസ്റ്റിക് കപ്പ്, പ്ലേറ്റ് എന്നിവയ്ക്ക് പകരമായി കുടുംബശ്രീ യൂണിറ്റ് വഴി കളിമണ്ണ്, സ്റ്റീൽ പാത്രങ്ങൾ തുടങ്ങിയവ വാടകയ്ക്ക് നൽകുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകാനും നടപടി എടുത്തുവരുന്നു.

(സി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം പേപ്പർ ബാഗുകൾ, ചണബാഗുകൾ, കയർ ബാഗുകൾ തുടങ്ങിയ പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുകയും അപ്രകാരം പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരമാവധി കുറിച്ചുകൊണ്ടുവരാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.